# പതിമൂന്നാം കേരള നിയമസഭ

## അഞ്ചാം സമ്മേളനം

## നിയമസഭാ നടപടികൾ – സംഗ്രഹം

## 2012 ജൂൺ 11, തിങ്കൾ

പതിമൂന്നാം കേരള നിയമസഭയുടെ അഞ്ചാം സമ്മേളനം 2012 ജൂൺ മാസം 11–ാം തീയതി തിങ്കളാഴ്ച്ച രാവിലെ 8.30–ന് ദേശീയ ഗാനാലാപനത്തോടെ ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. ജി. കാർത്തികേയന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ ആരംഭിച്ചു.

(രാവിലെ 8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**ചരമോപചാരം**

**സി.കെ. ചന്ദ്രപ്പൻ, എസ്. ദാമോദരൻ എന്നിവരുടെ നിര്യാണം**

മുൻ നിയമസഭാംഗവും മുൻ ലോക്സഭാംഗവും സി.പി.ഐ. സംസ്ഥാന സെക്രട്ടറിയുമായിരുന്ന സി.കെ. ചന്ദ്രപ്പൻ, മുൻ നിയമസഭാംഗമായിരുന്ന എസ്. ദാമോദരൻ എന്നിവരുടെ നിര്യാണം സംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കർ റഫറൻസ് നടത്തുകയും പരേതരോടുള്ള ആദരസൂചകമായി സഭാംഗങ്ങൾ അല്പസമയം എഴുന്നേറ്റുനിന്ന് മൗനം ആചരിക്കുകയും ചെയ്തു.

<u>അടിയന്തരപ്രമേയം</u>

## <u>മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ</u>

<u>മി. സ്പീക്കർ</u>: സംസ്ഥാനത്തെങ്ങും മാലിന്യങ്ങൾ കുമിഞ്ഞുകൂടി ചീഞ്ഞഴുകുകയും മാലിന്യക്കൂമ്പാരങ്ങളിലും മലിനജലത്തിലും കൊതുകുകൾ പെരുകുകയും തന്മൂലം പകർച്ചവ്യാധികൾ പൊട്ടിപ്പുറപ്പെടുകയും ചെയ്തതുമൂലം ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ. വി. ശിവൻകുട്ടി, വി.എസ്. സുനിൽ കുമാർ, മാത്യു ടി. തോമസ്, എ.കെ. ശശീന്ദ്രൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (<u>ശ്രീ. മഞ്ഞളാംകുഴി അലി</u>): കേരള മുനിസിപ്പൽ നിയമ പ്രകാരം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ വരുന്ന സ്ഥലങ്ങളിലെ മാലിന്യ സംസ്ക്കരണ ചുമതല അതാത് തദ്ദേശഭരണ സ്ഥാപനങ്ങളിൽ നിക്ഷിപ്തമാണെങ്കിലും സർക്കാർ മുൻകൈയെടുത്ത് മാലിന്യ നിർമ്മാർജ്ജനത്തിനായി യുദ്ധകാലാടിസ്ഥാനത്തിൽ പല പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. മഴക്കാലപൂർവ്വ ശുചീകരണത്തിനു വേണ്ടി ഈ വർഷം ആദ്യമായി വാർഡൊന്നിന് 25,000 രൂപ വീതം നൽകുകയും തലശ്ശേരി, കണ്ണൂർ പോലുള്ള നഗരസഭകൾക്ക് മാലിന്യ സംസ്ക്കരണ നടപടികൾക്ക് മാത്രമായി സാമ്പത്തിക സഹായം അനുവദിക്കുകയും ചെയ്തിട്ടുണ്ട്. മാലിന്യ നിർമ്മാർജ്ജന നടപടികൾക്കായി 2011-12

-ൽ 50 കോടി രൂപ നൽകിയിരുന്നത് 2012-13 വർഷത്തിൽ 237 കോടി രൂപയായി ഉയർത്തിയിട്ടുണ്ട്. ബഹുജനപ്രക്ഷോഭം നിമിത്തം തിരുവനന്തപുരത്ത് വിളപ്പിൽശാല മാലിന്യ സംസ്ക്കരണ പ്ലാന്റിലേക്ക് മാലിന്യം കൊണ്ടുപോകാൻ കഴിയാത്ത സാഹചര്യത്തിൽ നഗരത്തിലെ മാലിന്യം നീക്കം ചെയ്യുന്നതിനായി മറ്റ് മാർഗ്ഗങ്ങൾ സ്വീകരിച്ചെങ്കിലും സ്ഥലവാസികളുടേയും ജനപ്രതിനിധികളുടേയും എതിർപ്പുമൂലം അവ ഫലപ്രാപ്തിയിലെത്തിയില്ല. എന്നാൽ ഇപ്പോൾ റെയിൽവേ ആവശ്യപ്പെട്ട പ്രകാരം പ്ലാറ്റ്ഫോമുകളുടെ നിർമ്മാണത്തിനും വികസനത്തിനുമുള്ള ഉപയോഗത്തിനായി ഖരമാലിന്യം നീക്കിത്തുടങ്ങിയിട്ടുണ്ട്. കോർപ്പറേഷൻ സഹകരിച്ചാൽ മൂന്ന് ദിവസത്തിനകം തിരുവനന്തപുരം നഗരത്തിൽ കെട്ടിക്കിടക്കുന്ന മാലിന്യം മുഴുവനും നീക്കം ചെയ്യാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സംസ്ഥാനത്തൊട്ടാകെ മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട് ഗുരുതരമായ ആരോഗ്യ പ്രശ്നങ്ങൾ ഉണ്ടായിരിക്കുകയാണ്. കഴിഞ്ഞ ഒരു മാസത്തിനുള്ളിൽ പതിനൊന്ന് പേർ മരണപ്പെട്ടതിൽ അഞ്ച് പേർ പനിമൂലമാണ് മരണമടഞ്ഞത്. മാലിന്യ സംസ്ക്കരണം നടക്കാത്തതുമായി ബന്ധപ്പെട്ട് ഉണ്ടായിട്ടുള്ള അസുഖങ്ങൾ കാരണം ഗവൺമെന്റ് ആശുപത്രികളിൽ മാത്രം ഏതാണ്ട് പത്ത് ലക്ഷം പേർ ചികിത്സ തേടിയെത്തിയിട്ടുണ്ട്. തിരുവനന്തപുരത്ത് വിളപ്പിൽശാല, തൃശ്ശൂരിലെ ലാലൂർ, എറണാകുളത്തെ ബ്രഹ്മപുരം, കോഴിക്കോട്ടെ ഞെളിയൻപറമ്പ് എന്നിവിടങ്ങളിൽ മാലിന്യ നീക്കവും സംസ്ക്കരണവും പൂർണ്ണമായി സ്തംഭിച്ചിരിക്കുകയാണ്. കേരളത്തിൽ പ്രധാന നഗരങ്ങളിലൊക്കെ മാലിന്യം ചീഞ്ഞളിഞ്ഞ് കാൽനട യാത്ര പോലും ദുസ്സഹമായിരിക്കുകയാണ്. ആധുനിക സാങ്കേതിക വിദ്യയിലധിഷ്ഠിതമായ വൻകിട മാലി

ന്യ സംസ്ക്കരണ പ്ലാന്റുകൾ സ്ഥാപിക്കുമെന്ന തീരുമാനം ബഡ്ജറ്റ് പ്രഖ്യാപനത്തിൽ മാത്രം ഒതുങ്ങിയിരിക്കുകയാണ്. തെരഞ്ഞെടുക്കപ്പെട്ട ജില്ലകളിൽ ദ്രവമാലിന്യ സംസ്ക്കരണ പ്ലാന്റ് സ്ഥാപിക്കുന്നതിനായി 15 കോടി രൂപ നൽകുമെന്ന പ്രഖ്യാപനവും മലബാർ സിമന്റ്സിന്റെ സഹായത്തോടെ വൻകിട പ്ലാസ്റ്റിക് ഷ്രെഡിംഗ് യൂണിറ്റ് സ്ഥാപിക്കുമെന്ന പ്രഖ്യാപനവും യാഥാർത്ഥ്യമാക്കാൻ കഴിഞ്ഞിട്ടില്ല. മഴക്കാല പൂർവ്വ ശുചീകരണ പരിപാടി ഫലപ്രദമായി നടപ്പിലാക്കാത്തതിന്റെ ഫലമായി കേരളത്തിലെമ്പാടും കൊതുകുജന്യരോഗം ബാധിച്ച് ലക്ഷക്കണക്കിന് ആൾക്കാർ ചികിൽസയിലാണ്. വിളപ്പിൽശാല ചവർ സംസ്ക്കരണ ഫാക്ടറി തുറന്നുപ്രവർത്തിപ്പിക്കണമെന്നുള്ള ഹൈക്കോടതിയുടേയും സുപ്രീംകോടതിയുടേയും വിധി നടപ്പാക്കാൻ തയ്യാറാകാത്ത സർക്കാരാണിത്. അതീവ ഗുരുതരമായ ഈ വിഷയം സഭാനടപടികൾ നിറുത്തിവച്ച് ചർച്ച ചെയ്യണം.

മുനിസിപ്പാലിറ്റികളും കോർപ്പറേഷനുകളും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി (ശ്രീ. മഞ്ഞളാംകുഴി അലി): തിരുവനന്തപുരത്ത് വിളപ്പിൽശാലയിലെ മാലിന്യസംസ്ക്കരണ പ്ലാന്റ് കഴിഞ്ഞ മൂന്നുവർഷമായി പ്രവർത്തനക്ഷമമല്ല. നഗരത്തിൽനിന്നും ശേഖരിച്ച വേസ്റ്റ് പ്ലാന്റിന്റെ പരിസരത്ത് ഡമ്പ് ചെയ്യുകയും യഥാസമയം സംസ്ക്കരിക്കാതിരിക്കുകയും ചെയ്തതിന്റെ ഫലമായി പരിസരവാസികൾ ഒന്നടങ്കം പ്രതിഷേധം ഉയർത്തുകയും ചവർ നീക്കം നിലയ്ക്കുകയും ചെയ്തു. ജനപ്രതിനിധികളുമായി പല പ്രാവശ്യം ഈ പ്രശ്നത്തെക്കുറിച്ച് ചർച്ച നടത്തിയെങ്കിലും ഒരു തീരുമാനവുമെടുക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ റെയിൽവേയുമായി സഹകരിച്ചുകൊണ്ട് ഫലപ്രദമായ രീതിയിൽ മാലിന്യനീക്കം നടത്തി

ക്കൊണ്ടിരിക്കുകയാണ്. സർക്കാർ മുൻകൈയെടുത്ത് ആറു സ്ഥലങ്ങളിൽ ആധുനിക മാലിന്യനിർമ്മാർജ്ജന പ്ലാന്റുകൾ നിർമ്മിക്കാനുള്ള തീരുമാന മെടുക്കുകയും ഇതിന്റെ ഭാഗമായി .തിരുവനന്തപുരം നഗരത്തിൽ ചാല യിൽ മുപ്പത്തിയഞ്ചു ടൺ മാലിന്യം പ്രോസസ് ചെയ്യാൻ സാധിക്കുന്ന ഒരു പ്ലാന്റ് നവംബർ മാസത്തോടുകൂടി പ്രവർത്തിപ്പിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. കൊച്ചിയിൽ വലിയൊരു പ്ലാന്റും കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, കോട്ടയം എന്നിവിടങ്ങളിൽ ചെറിയ പ്ലാന്റുകളുമാണ് സ്ഥാപിക്കാ നുദ്ദേശിക്കുന്നത്. തിരുവനന്തപുരം നഗരസഭയ്ക്ക് 5.75 കോടി രൂപയാണ് പൈപ്പ് കമ്പോസ്റ്റിനുവേണ്ടി അനുവദിച്ചത്. ഇതിലേയ്ക്കായി ഒരു ലക്ഷം അപേക്ഷകർ ഉണ്ടായിരുന്നുവെങ്കിലും 6000 പൈപ്പ് മാത്രമേ വിതരണം ചെയ്യാൻ കഴിഞ്ഞുള്ളൂ. .വേസ്റ്റ് മാനേജുമെന്റിന് മോഡേൺ പ്ലാന്റുകളാണ് കേരളത്തിന് യോജിക്കുന്നത് എന്നുള്ള വസ്തുത മനസ്സിലാക്കിക്കൊണ്ടാണ് സർക്കാർ മുന്നോട്ടുപോകുന്നത്. ഈ പ്രശ്നം സഭ നിറുത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി: <u>(ശ്രീ. വി.എസ്. ശിവകുമാർ)</u>: രോഗ പ്രതിരോധത്തിനും നിയന്ത്രണത്തിനും ചികിത്സയ്ക്കും ആവശ്യമായ സംവിധാനങ്ങൾ ഗവൺമെന്റ് സ്വീകരിച്ചിട്ടു ണ്ട്. പകർച്ചവ്യാധികൾ തടയുന്നതിന്റെ ഭാഗമായി വിവിധ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥരുടെ യോഗം വിളിച്ചുചേർത്ത് 'സമഗ്ര ആരോഗ്യപദ്ധതി 2012'-ന് തുടക്കം കുറിച്ചു. കൂടാതെ പകർച്ചവ്യാധികൾ തടയുന്നതിനുവേണ്ടി ആരോ ഗ്യവകുപ്പു ഡയറക്ടറുടെ നേതൃത്വത്തിലും മുഖ്യമന്ത്രിയുടെ നേതൃത്വ ത്തിലും യോഗങ്ങൾ വിളിച്ചുകൂട്ടുകയും സംസ്ഥാന തലത്തിൽ ചീഫ് സെ

ക്രട്ടറി ചെയർമാനായി മന്ത്രിമാർ അടങ്ങുന്ന ഒരു സമിതിയുണ്ടാക്കി. ഒരോ ജില്ലയിലും ഓരോ മന്ത്രിമാർക്ക് ചുമതല നൽകുകയും മന്ത്രിമാർ അതാതു ജില്ലാ കളക്ടർമാരുടെ നേതൃത്വത്തിൽ യോഗംവിളിച്ച് ഓരോ ഡിപ്പാർട്ടു മെന്റുകളും ചെയ്യേണ്ട നടപടികളെക്കുറിച്ച് തീരുമാനമെടുത്ത് നടപ്പിലാക്കു കയും ചെയ്തിട്ടുണ്ട്. മാലിന്യനിർമ്മാർജ്ജനത്തിനുവേണ്ടി ഒരോ വാർഡിനും നൽകിയിരുന്ന ധനസഹായം 25,000 രൂപയായി ഉയർത്തിക്കൊടുത്തുവെ ങ്കിലും ഈ തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ഫലപ്രദമായി വിനി യോഗിച്ചതായി കാണുന്നില്ല. സംസ്ഥാനത്ത് 2012 ജനുവരി 1 മുതൽ ജൂൺ 10 വരെ 7,47,178 പേർക്കാണ് പനി ബാധിച്ചിട്ടുള്ളത്. പി.എച്ച്.സി. മുതൽ ജില്ലാ ആശുപത്രികൾ വരെയുള്ള എല്ലാ ആശുപത്രികളിലും ആവശ്യമായ മരുന്നും ഐ.വി. ഫ്ളൂയിഡും ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുകയും പനി വാർഡുകൾ പ്രത്യേകം സജ്ജീകരിക്കുകയും ചെയ്തിട്ടുണ്ട്. തിരുവന ന്തപുരം മെഡിക്കൽ കോളേജിലെ 22-ാം വാർഡ് പനി ബാധിതർക്ക് മാത്ര മായി സജ്ജീകരിക്കുകയും റിനോവേഷൻ നടക്കുന്ന മറ്റ് മൂന്ന് വാർഡുകൾ കൂടി ഈ ആവശ്യത്തിനായി സജ്ജീകരിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. രക്തപരിശോധനയുടെ സമയം താലൂക്ക് ആശുപത്രികളിൽ രാത്രി 8 മണിവരെ ദീർഘിപ്പിക്കുകയും ജില്ലാ ആശുപത്രികളിൽ 24 മണിക്കൂറും പരിശോധിക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. പനി ബാധിതരെ പരിശോധിക്കുന്നതിനായി മെഡിക്കൽ കോളേജാശുപത്രികളിൽ ഓരോ സ്പെഷ്യലിസ്റ്റ് ഡോക്ടർമാരെ ഉൾക്കൊ ള്ളിച്ചിട്ടുള്ള ടീമിനെ ഏർപ്പെടുത്തിയിട്ടുണ്ട്. കമ്മ്യൂണിറ്റി മെഡിസിനിലെ ഡോക്ടർ നോഡൽ ഓഫീസറായി സർവൈലൻസ് ടീമിനെയും ഏർപ്പെടു

ത്തിയിട്ടുണ്ട്. ഡോക്ടർമാരുടെ ക്ഷാമം പരിഹരിക്കാനായി റിട്ടയർ ചെയ്യാനിരുന്ന 50 സ്പെഷ്യലിസ്റ്റ് ഡോക്ടർമാരുടെ സേവന കാലാവധി മൂന്നുമാസം ദീർഘിപ്പിച്ചുകൊടുത്തിട്ടുണ്ട്. കാസർകോട്, കണ്ണൂർ, ഇടുക്കി ജില്ലകളിൽ ഡോക്ടർമാരുടെ കുറവ് അടിയന്തിരമായി പരിഹരിക്കും. തിരുവനന്തപുരം ജില്ലയിൽ ഇന്ന് മൂന്ന് മൊബൈൽ ഫീവർ ക്ലിനിക്കുകൾ ആരംഭിക്കുന്നുണ്ട്; മറ്റ് ജില്ലകളിലും ഇത്തരം ക്ലിനിക്കുകൾ ആരംഭിക്കുന്നതാണ്. തിരുവനന്തപുരം ജില്ലയിൽ കൺട്രോൾ റൂം തുറന്നിട്ടുണ്ട്. ആവശ്യമെങ്കിൽ മറ്റ് ജില്ലകളിൽ എല്ലാ ഡി.എം.ഒ. ആഫീസുകളിലും കൺട്രോൾ റൂം തുറക്കുന്നതാണ്.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഈ സർക്കാർ മാലിന്യ നിർമ്മാർജ്ജന പ്രശ്നം പരിഹരിക്കാൻ നിരവധി ശ്രമങ്ങൾ നടത്തുകയും സംസ്ഥാന സാഹചര്യത്തിന് പറ്റിയ മൂന്ന്, നാല് ടെക്നോളജികൾ ഐഡന്റിഫൈ ചെയ്യുകയും ചെയ്തെങ്കിലും ജനങ്ങളുടെ ശക്തമായ എതിർപ്പിനെത്തുടർന്ന് അതൊന്നും ഫലപ്രാപ്തിയിലെത്തിക്കാൻ സാധിച്ചില്ല. സക്സസ്ഫുൾ മോഡൽ ടെക്നോളജിയും അത് നടപ്പാക്കാൻ ആവശ്യമായ പണവും സർക്കാരിന്റെ കൈവശമുണ്ട്; ബഡ്ജറ്റിൽ തുക നീക്കി വച്ചിട്ടുമുണ്ട്. പ്ലാസ്റ്റിക് വേർതിരിച്ച് വീണ്ടും ഉപയോഗിക്കുന്നതിനുള്ള യൂണിറ്റുകൾ കേരളത്തിൽ സ്ഥാപിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പ്ലാസ്റ്റിക് വേർതിരിച്ചു കഴിഞ്ഞാൽ ബാക്കിയുള്ള വേസ്റ്റ് ബയോഗ്യാസായിട്ടും കമ്പോസ്റ്റായിട്ടും രൂപാന്തരപ്പെടുത്താൻ സാധിക്കും. മാലിന്യങ്ങൾ ഉറവിട സംസ്കരണം നടത്തുന്നതിന് 100 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. എന്നാൽ അവ നടപ്പാക്കുന്ന കാര്യത്തിൽ തദ്ദേശസ്വയംഭരണ സ്ഥാപന

ങ്ങളുടെ ഭാഗത്തുനിന്നും വേണ്ടത്ര ശുഷ്കാന്തി ഉണ്ടായിട്ടില്ല. സർക്കാരിന്റെ പ്രവർത്തനങ്ങളോട് സഹകരിക്കാത്ത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കാര്യത്തിൽ പ്രതിപക്ഷവുമായി ആലോചിച്ച് തീരുമാനമെടുക്കും. വിള പ്പിൽശാല വിഷയത്തിൽ കോടതിവിധി നടപ്പിലാക്കണമെന്നതാണ് ഗവണ്മെന്റിന്റെ ആഗ്രഹം.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു)

(ഗവണ്മെന്റിന്റെ നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ വി.എസ്. അച്ചുതാനന്ദൻ, സി. ദിവാകരൻ, മാത്യു ടി. തോമസ്, എ.കെ. ശശീന്ദ്രൻ എന്നീ പ്രതിപക്ഷ കക്ഷി നേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്നും പുറത്തു പോകുകയും അൽപസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

ശ്രദ്ധക്ഷണിക്കൽ

(1) മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ട്

ശ്രീ. എ. കെ. ബാലൻ: മാധവ് ഗാഡ്ഗിൽ കമ്മിറ്റിയുടെ പശ്ചിമഘട്ട പരിസ്ഥിതി പഠന റിപ്പോർട്ടിലെ ശുപാർശകൾ ആറ് സംസ്ഥാനങ്ങളിലെ പൊതു വികസന പ്രവർത്തനങ്ങളെ ഗുരുതരമായി ബാധിക്കുന്നതാണ്. അതി രപ്പിള്ളി പദ്ധതിയുടെ പരിസ്ഥിതി അനുമതി റദ്ദാക്കേണ്ടതില്ലെന്ന എക്സ്പേർട്ട് അപ്രൈസൽ കമ്മിറ്റിയുടെയും തിരുവനന്തപുരം ട്രോപ്പിക്കൽ ബൊട്ടാണിക്കൽ ഗാർഡൻ ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടിലെ ശാസ്ത്ര ജ്ഞൻമാരുടെയും പഠന റിപ്പോർട്ടുകൾ കേന്ദ്രഗവൺമെന്റിന് സമർപ്പിച്ചിട്ടു ള്ളതാണ്. ഈ പദ്ധതിക്ക് കേന്ദ്ര വനം പരിസ്ഥിതി വകുപ്പ് മൂന്ന് പ്രാവശ്യം നൽകിയ അനുമതിയാണ് ഇപ്പോൾ പിൻവലിച്ചിരിക്കുന്നത്. വിവിധ സ്ഥാപന ങ്ങൾ നടത്തിയ പഠനങ്ങളിൽ പരിസ്ഥിതി സൗഹൃദ പദ്ധതിയാണിതെന്ന്

വിഭാവനം ചെയ്തിട്ടുള്ളതുമാണ്. പദ്ധതിയുടെ ഗുണഫലങ്ങൾ കാണാതെ അതിനെതിരെ ഏകപക്ഷീയമായ സമീപനമാണ് ഈ കമ്മിറ്റി സ്വീകരിച്ചിരിക്കുന്നത്. ഈ റിപ്പോർട്ടിലെ ശുപാർശകൾ കേരളത്തിന്റെ എല്ലാ വികസന പ്രവർത്തനങ്ങളേയും ബാധിക്കുന്നതാണ്. വലുതും ചെറുതുമായ പല പദ്ധതികളും ഈ റിപ്പോർട്ട് അംഗീകരിച്ചാൽ ഉപേക്ഷിക്കേണ്ടി വരികയും കേരളത്തിൽ ഗുരുതരമായ വൈദ്യുതി പ്രതിസന്ധി ഉണ്ടാകുകയും ചെയ്യും. ഒന്നാമത്തെ സോണിൽപെടുത്തിയിട്ടുള്ളതുകാരണം കാസർഗോഡ് ജില്ലയിലെ ഹോസ്ദുർഗ്ഗ് താലൂക്കിലുള്ള ചീമേനിയിലെ താപവൈദ്യുത നിലയം അട്ടിമറിക്കപ്പെടുന്നതാണ്. അൻപത് വർഷം പഴക്കമുള്ള ഡാമുകൾ ഡീ-കമ്മീഷൻ ചെയ്യണമെന്ന ശുപാർശ കേരളത്തിലെ എല്ലാ ഡാമുകളും പൊളിക്കേണ്ട സ്ഥിതിയുണ്ടാക്കും. റിവർ ഡൈവർഷൻ പദ്ധതികൾ ഉടനടി നിർത്തിവയ്ക്കണമെന്നും സോൺ ഒന്നിൽ കാറ്റാടി നിലയങ്ങൾ അനുവദിക്കരുതെന്നുമുള്ള നിർദ്ദേശങ്ങൾ പാരമ്പര്യേതര ഊർജ്ജ മേഖലയെ സ്തംഭിപ്പിക്കുന്നതാണ്. മലയോര മേഖലയിലെ വികസനങ്ങൾ പൂർണ്ണമായും നിലയ്ക്കുന്ന സ്ഥിതിവിശേഷമാണുണ്ടാകാൻ പോകുന്നത്. അതുകൊണ്ട് ഈ റിപ്പോർട്ട് അംഗീകരിക്കാൻ കഴിയില്ലെന്ന കാര്യം കേന്ദ്രത്തെ അറിയിക്കണം. ഇക്കാര്യത്തിലുള്ള കേരളത്തിന്റെ വികാരം പൂർണ്ണമായും കേന്ദ്ര സർക്കാരിനെ ധരിപ്പിക്കുന്നതോടൊപ്പം ഈ കമ്മിറ്റി റിപ്പോർട്ട് സംബന്ധിച്ച് എന്തൊക്കെ നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിക്കാൻ പോകുന്നതെന്നും വ്യക്തമാക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : മാധവ് ഗാഡ്ഗിൽ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകൾ സംസ്ഥാനത്തിന് ഒരുവിധത്തിലും സ്വീകാര്യമല്ലെന്ന കാര്യം കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കേരളത്തിൽ

നിലവിലുള്ള നിയമങ്ങൾകൊണ്ട് പശ്ചിമഘട്ട പരിസ്ഥിതി പ്രൊട്ടക്ട് ചെയ്യാൻ സാധിച്ചിട്ടുള്ളതിനാൽ മറ്റ് നിയമങ്ങളുടെ ആവശ്യമുണ്ടെന്ന് സർക്കാർ കരുതുന്നില്ല. വെസ്റ്റേൺ ഗാട്ട്സ് നിയന്ത്രണം കൂടി വന്നാൽ സംസ്ഥാനത്തെ ജനജീവിതം ദുസ്സഹമാകുന്നതാണ്. മേഖലാ വിഭജനം സംബന്ധിച്ച ശുപാർശകൾ അപ്രായോഗികമായതിനാൽ അംഗീകരിക്കാൻ കഴിയില്ലെന്ന് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. അതിരപ്പിള്ളി പദ്ധതിയുടെ പരിസ്ഥിതി സംബന്ധമായ ആശങ്കകൾ ദൂരീകരിക്കാൻ സംസ്ഥാന സർക്കാർ സന്നദ്ധമാണ്. പദ്ധതിക്ക് അനുമതി ലഭ്യമാക്കാൻ ആവശ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. ഈ കമ്മിറ്റി റിപ്പോർട്ടിലെ ശുപാർശകളെ ഫലപ്രദമായി ചെറുക്കുന്നതിന് ഒരു എക്സ്പർട്ട് കമ്മിറ്റിയെ നിയോഗിച്ച് പഠനം നടത്തിയതിനുശേഷം ആ അഭിപ്രായം കേന്ദ്രത്തെ അറിയിക്കുന്നതാണ്.

(2) <u>പകർച്ചവ്യാധികൾ</u>

<u>ശ്രീ. ബെന്നി ബെഹനാൻ:</u> സംസ്ഥാനത്ത് മഴക്കാലം ആരംഭിച്ചതിനെത്തുടർന്ന് പടർന്നുപിടിക്കാനിടയുള്ള പകർച്ചവ്യാധികൾ തടയുന്നതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കാൻ കഴിയുന്നില്ല. സർക്കാർ ആശുപത്രികളിൽ ചികിത്സയ്ക്ക് വേണ്ട സജ്ജീകരണങ്ങളോ, മരുന്നുകളോ ഇല്ല. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിൽ ചികിൽസയ്ക്കുവരുന്നവർക്ക് കിടക്കാനുള്ള സൗകര്യമില്ല. ആലപ്പുഴ ജില്ലയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റേയും രാജീവ്ഗാന്ധി ഇൻസ്റ്റിറ്റ്യൂട്ടിന്റേയും പ്രയോജനം ലഭ്യമാക്കാനാകുന്നില്ല. സമൂഹത്തിൽനിന്നും ഉന്മൂലനം ചെയ്തുവെന്ന് അവകാശപ്പെട്ട പല രോഗങ്ങളും തിരിച്ചുവന്നുകൊണ്ടിരിക്കുന്ന സാഹചര്യമാണുള്ളത്. ആരോഗ്യവകുപ്പ് ഈ രംഗത്ത് കൂടുതൽ കാര്യക്ഷമമായി

പ്രവർത്തിക്കുകയും മരുന്നുകൾ വാങ്ങുന്നതിനാവശ്യമായ ഫണ്ട് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുകയും ചെയ്യണം. പകർച്ചവ്യാധികൾ തടയുന്നതിന് ശുചീകരണത്തിനുൾപ്പെടെയുള്ള നടപടികൾ കാര്യക്ഷമമാക്കണം. ആരോഗ്യവകുപ്പിലെ ഉദ്യോഗസ്ഥന്മാരേയും ജനപ്രതിനിധികളേയും പങ്കെടുപ്പിച്ച് ജില്ലാതലത്തിൽ അവലോകനയോഗം വിളിച്ച് പ്രവർത്തനങ്ങൾ മോണിറ്റർ ചെയ്യാനുള്ള സംവിധാനം ഉണ്ടാക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): 2012 ജനുവരി ഒന്ന് മുതൽ ജൂൺ പത്ത് വരെയുള്ള കാലഘട്ടത്തിൽ 7,47,178 പേർക്കാണ് പനി ബാധിച്ചിട്ടുള്ളത് . 6 മാസക്കാലം കൊണ്ട് 10 പേരാണ് പനി ബാധിച്ച് മരണപ്പെട്ടിട്ടുള്ളത്. മെഡിക്കൽ കോളേജ് ആശുപത്രികളിൽ പനിബാധിതരെ കിടത്തി ചികിത്സിക്കുന്നതിനുള്ള സൗകര്യങ്ങൾ ഒരുങ്ങിക്കഴിഞ്ഞു. തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രിയിലെ 22-ാം നമ്പർ വാർഡ് പനി ബാധിതർക്കായി അനുവദിച്ചുകൊടുക്കുകയുണ്ടായി. റിനോവേഷൻ കഴിഞ്ഞുകിടക്കുന്ന 3 വാർഡുകൾ കൂടി അടിയന്തരമായി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പനിയും സാംക്രമിക രോഗങ്ങളും പടർന്നുപിടിച്ചിരിക്കുന്ന സാഹചര്യത്തിൽ പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജ് വരെയുള്ള എല്ലാ ആശുപത്രികളിലും ആവശ്യമായ മരുന്ന് സജ്ജമാക്കുകയും ഓരോ ദിവസവും അതുമായി ബന്ധപ്പെട്ടുള്ള അവലോകനം നടത്തുകയും ചെയ്യുന്നുണ്ട്. പകർച്ചവ്യാധികൾ പടർന്നുപിടിക്കാതിരിക്കുന്നതിനുവേണ്ടി മുഖ്യമന്ത്രി തന്നെ നേരിട്ട് രണ്ടുപ്രാവശ്യം യോഗങ്ങൾ വിളിക്കുകയും തദ്ദേശ

സ്ഥാപനങ്ങൾക്ക് ആവശ്യമായ തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. പകർച്ചവ്യാധികൾ പടർന്നുപിടിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുന്നതിനെക്കുറിച്ച് ആരോഗ്യവകുപ്പ് ഗൗരവമായി ആലോചിക്കുന്നതാണ്. രോഗപ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് എം.എൽ.എ.മാരെയും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികളേയും ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു സംവിധാനത്തെക്കുറിച്ചും സർക്കാർ ആലോചിക്കുന്നതാണ്.

സബ്മിഷൻ

(1) യാത്രാ നിരോധനം

ചീഫ് വിപ്പ് (ശ്രീ. പി.സി. ജോർജ്) : എൻ.എച്ച്.212-ലൂടെയുള്ള രാത്രി യാത്രാ നിരോധനംമൂലം കേരള-ബാംഗ്ലൂർ യാത്ര ദുഷ്ക്കരമായിരിക്കുന്നതിനാൽ മുഖ്യമന്ത്രിതലത്തിൽ കർണ്ണാടക ഗവൺമെന്റുമായി ചർച്ച ചെയ്ത് സമവായമുണ്ടാക്കുന്നതിനും ഇതുസംബന്ധിച്ച് സുപ്രീം കോടതിയിൽ നിലനിൽക്കുന്ന കേസ് വേണ്ടവിധം നടത്തുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : എൻ.എച്ച്.212-ലൂടെയുള്ള രാത്രി യാത്രാ നിരോധനത്തെത്തുടർന്നുണ്ടായിട്ടുള്ള ബുദ്ധിമുട്ട് സംബന്ധിച്ച് വയനാട്ടിലെ ജനപ്രതിനിധികളുടെ സാന്നിദ്ധ്യത്തിൽ കർണ്ണാടക മുഖ്യമന്ത്രിയുമായി സംസാരിച്ചിട്ടുള്ളതാണ്. കളക്ടർ രാത്രികാല നിരോധനം പിൻവലിച്ചതിനെതിരെ പരിസ്ഥിതിവാദികൾ നൽകിയ കേസ്സാണ് ഇപ്പോൾ സുപ്രീംകോടതിയുടെ പരിഗണനയിലുള്ളത്. രാത്രികാല ഗതാഗതംകൊണ്ട് വന്യജീവികൾക്ക് ബുദ്ധിമുട്ടുണ്ടാകുന്ന 3-4 കിലോമീറ്റർ ദൂരം ഒന്നുകിൽ

ഫ്ളൈ ഓവർ ആക്കുകയോ, അതല്ലെങ്കിൽ രണ്ട് സൈഡും ഫെൻസിംഗ് ചെയ്ത് അണ്ടർ പാസ് ഉണ്ടാക്കുകയോ ചെയ്യണമെന്ന കേരളത്തിന്റെ നിർദ്ദേശങ്ങൾ അവർ അംഗീകരിച്ചില്ല. രാത്രികാലങ്ങളിൽ കോൺവോയ് ആയി വണ്ടി വിടണമെന്ന താൽക്കാലിക നിർദ്ദേശം വച്ചിട്ടുണ്ട്. രാത്രികാല നിരോധനം നീക്കുന്നതിനുവേണ്ടി ഗവൺമെന്റ് എല്ലാവിധ ശ്രമങ്ങളും നടത്തുന്നതാണ്. ഇതുസംബന്ധിച്ച സുപ്രീംകോടതിയിലെ കേസ്സിന്റെ കാര്യവും ഗൗരവമായിട്ടെടുക്കുന്നതാണ്.

(2) <u>തോട്ടം തൊഴിലാളികൾക്ക് പ്ലാന്റേഷൻ റിലീഫ് ഫണ്ട്</u>

<u>ശ്രീമതി ഇ.എസ്. ബിജിമോൾ</u> : സംസ്ഥാനത്ത് പൂട്ടിക്കിടക്കുന്നതും നാമമാത്രമായി തുറന്നുപ്രവർത്തിക്കുന്നതുമായ തോട്ടങ്ങളിലെ തൊഴിലാളികളുടെ റിലീഫ് ഫണ്ട് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾക്ക് അനുവദിച്ചിട്ടുളള 4.78 കോടി രൂപ ധനകാര്യ വകുപ്പിൽനിന്ന് ലഭ്യമാക്കാൻ നടപടി സ്വീകരിക്കണം.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (<u>ശ്രീ. കെ.എം. മാണി</u>) : തൊഴിലാളികളുടെ ക്ഷേമ പ്രവർത്തനങ്ങൾക്കായി കഴിഞ്ഞ വർഷം 4.78 കോടി രൂപ അനുവദിച്ചിരുന്നു. ഇക്കൊല്ലത്തെ ബഡ്ജറ്റിൽ ടോക്കൺ പ്രൊവിഷനാണ് വച്ചിട്ടുളളത്. ലേബർ ഡിപ്പാർട്ടുമെന്റിൽനിന്നും ആവശ്യപ്പെട്ടതനുസരിച്ച് മൂന്ന് കോടി രൂപ ഇതിനോടകം അനുവദിച്ചിട്ടുണ്ട്.

(3) <u>വട്ടിയൂർക്കാവ് ജംഗ്ഷന്റെ വികസനം</u>

<u>ശ്രീ. കെ. മുരളീധരൻ</u> : വട്ടിയൂർക്കാവ് ജംഗ്ഷന്റെയും അനുബന്ധ റോഡുകളുടെയും വികസന പദ്ധതിക്ക് ഭരണാനുമതി നൽകി പദ്ധതി

പ്രവർത്തനങ്ങൾ സമയബന്ധിതമായി ഏറ്റെടുത്ത് നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കണം.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്): തിരുവനന്തപുരം നഗര വികസന പദ്ധതിയുടെ ഭാഗമായി വട്ടിയൂർക്കാവ്-വഴയില, വട്ടിയൂർക്കാവ്-ശാസ്തമംഗലം, വട്ടിയൂർക്കാവ്-പേരൂർക്കട റോഡുകളുടെ വികസനത്തിനുവേണ്ടി 145 കോടി രൂപയുടെ ഭരണാനുമതി നൽകുകയും സ്ഥലമേറ്റെടുക്കൽ, പുനരധിവാസം എന്നിവയ്ക്കായി 9.65 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്. സ്ഥലമെടുപ്പ് ഉൾപ്പെടെയുള്ള നടപടികൾ ട്രിഡയെ ഏൽപ്പിക്കുകയും അതിനുള്ള പ്രത്യേക ഉത്തരവ് പുറപ്പെടുവിക്കാനുള്ള നടപടികൾ സ്വീകരിച്ചു വരികയുമാണ്. ഇതുസംബന്ധിച്ച പ്രൊപ്പോസൽ കൊടുത്ത് അതിവേഗം ഉത്തരവ് പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. റോഡ് നവീകരണത്തിനാവശ്യമായ റിപ്പോർട്ട് സമയബന്ധിതമായി നൽകണമെന്ന് DRIQ ബോർഡിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. മണ്ണ് പരിശോധന, ട്രാഫിക് സർവ്വേ, മെറ്റീരിയൽ സ്റ്റഡി, ജിയോ-മെട്രിക് ഡിസൈൻ എന്നിവ തയ്യാറാക്കാനുള്ള നടപടികൾ സ്വീകരിക്കുകയും പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കണമെന്ന നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതി നടത്തിപ്പിന് ഒരു മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. സ്ഥലം എം.എൽ.എ. യുടെ അദ്ധ്യക്ഷതയിൽ പി.ഡബ്ള്യൂ.ഡി. എക്സിക്യൂട്ടീവ് എഞ്ചിനീയർ കൺവീനറായി ഒരു കമ്മിറ്റി രൂപീകരിച്ച് എല്ലാ ആഴ്ചയും അവലോകനം നടത്താനും സമയബന്ധിതമായി പദ്ധതി മുന്നോട്ടുകൊണ്ടുപോകാനുമാണ് ഉദ്ദേശിക്കുന്നത്.

(4) നിക്ഷേപങ്ങളുടെ പലിശനിരക്ക് കുറച്ചത് സംബന്ധിച്ച്

ഡോ. എൻ. ജയരാജ് : 25-05-2012-ലെ സർക്കുലറിലൂടെ വായ്പാ സഹകരണ സംഘങ്ങളുടേയും ബാങ്കുകളുടേയും സ്ഥിര നിക്ഷേപങ്ങൾക്കും സേവിംഗ് നിക്ഷേപങ്ങൾക്കുമുള്ള പലിശ നിരക്ക് പുതുക്കി നിശ്ചയിച്ചിരിക്കുന്നതുമൂലം സഹകരണ മേഖലയാകെ പ്രതിസന്ധിയിലായിരിക്കുകയാണ്. സഹകരണ ബാങ്കുകളിലേയും ദേശസാൽകൃത ബാങ്കുകളിലേയും പലിശനിരക്കുകൾ തമ്മിലുള്ള അന്തരം സഹകരണ ബാങ്കുകളുടെ നിലനിൽപ്പിനെ ബാധിക്കുന്ന സാഹചര്യത്തിൽ ഇതുസംബന്ധിച്ച ആശങ്ക ദൂരീകരിക്കാനും ഗവൺമെന്റിന്റെ നിലപാട് വ്യക്തമാക്കാനും തയ്യാറാകണം.

സഹകരണവും ഖാദി-ഗ്രാമവ്യവസായവും മലിനീകരണ നിയന്ത്രണവും വകുപ്പുമന്ത്രി (ശ്രീ. സി. എൻ. ബാലകൃഷ്ണൻ) : പലിശ നിരക്കിലുണ്ടായിരുന്ന പോരായ്മ പരിഹരിച്ചുകൊണ്ട് സഹകരണസംഘം രജിസ്ട്രാർ 05-06-2012-ൽ പുതുക്കിയ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. സംസ്ഥാനത്തെ സഹകരണ വായ്പാ സ്ഥാപനങ്ങളും വാണിജ്യ ബാങ്കുകളും പൊതുമേഖലാ സ്ഥാപനങ്ങളും ഉപസമിതിയുമായി ചർച്ച നടത്തി സംഘങ്ങളിലെ നിക്ഷേപങ്ങൾക്ക് കോട്ടം തട്ടാത്ത വിധത്തിലാണ് പലിശ നിരക്ക് പുതുക്കി നിശ്ചയിച്ചിട്ടുള്ളത്. പലിശ നിർണ്ണയ കമ്മിറ്റി പുതുക്കി നിശ്ചയിച്ച നിരക്ക് പുന:പരിശോധിക്കേണ്ട ആവശ്യമില്ലെന്നാണ് ഗവൺമെന്റ് കരുതുന്നത്.

(5) ഫയർ സ്റ്റേഷൻ അനുവദിക്കൽ

ശ്രീ. കെ. ദാസൻ : കൊയിലാണ്ടി നിയോജകമണ്ഡലത്തിൽ ഒരു ഫയർ സ്റ്റേഷൻ അനുവദിക്കാൻ നടപടി സ്വീകരിക്കണം.

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ) : ഫയർ സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള മുൻഗണനാ പട്ടികയിൽ കൊയിലാണ്ടി 21-ാം സ്ഥാനത്താണ്. സാമ്പത്തിക ലഭ്യതയുടെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കുന്നതാണ്.

(6) പാമ്പ് കടിയേറ്റ് മരണപ്പെട്ട സംഭവം

ശ്രീമതി പി. അയിഷാപോറ്റി: കൊട്ടാരക്കര എക്സൈസ് സർക്കിൾ ഓഫീസിന്റെ ശോച്യാവസ്ഥ പരിഹരിക്കുന്നതിനും നിലവിലുള്ള നിയമതടസ്സങ്ങൾ നീക്കി പുതിയ കെട്ടിടം പണിയുന്നതിനും പ്രസ്തുത ഓഫീസ് പരിസരത്തുവച്ച് പാമ്പ് കടിയേറ്റ് മരണമടഞ്ഞ ഉദ്യോഗസ്ഥന്റെ കുടുംബത്തിന് ധനസഹായം അനുവദിക്കുന്നതിനും നടപടി സ്വീകരിക്കണം.

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി (ശ്രീ. കെ. ബാബു): കൊട്ടാരക്കര എക്സൈസ് കോംപ്ലക്സ് നിർമ്മിക്കുന്നതിനെതിരെ അടുത്തുള്ള ക്ഷേത്ര സംരക്ഷണ സമിതി കൊട്ടാരക്കര സബ് കോടതിയിൽ നൽകിയ കേസ്സിൽ പ്രതിവാദ പത്രിക സമർപ്പിക്കുന്നതിന് കൊല്ലം ഡെപ്യൂട്ടി എക്സൈസ് കമ്മീഷണറെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കെട്ടിട നിർമ്മാണ പ്രവൃത്തി റീ-ടെണ്ടർ ചെയ്യുന്ന നടപടി ത്വരിതപ്പെടുത്തി പ്രവർത്തനം പുനരാരംഭിക്കുന്നതിന് പി.ഡബ്ള്യൂ.ഡി. സൂപ്രണ്ടിംഗ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിട്ടുണ്ട്. 21-05-2012-ൽ ഡ്യൂട്ടിക്കിടയിൽ പാമ്പുകടിയേറ്റ് മരണപ്പെട്ട എക്സൈസ് പ്രിവന്റീവ് ഓഫീസറുടെ കുടുംബത്തിന് നിയമപരമായ ആനുകൂല്യങ്ങൾ നൽകുന്നതോടൊപ്പം പ്രത്യേക സാമ്പത്തിക സഹായം നൽകുന്ന കാര്യവും പരിഗണിക്കുന്നതാണ്.

(7) സർക്കാർ/എയ്ഡഡ് മേഖലകളിൽ പോളിടെക്നിക്ക്

ശ്രീ. പി. ശ്രീരാമകൃഷ്ണൻ: പൊന്നാനി താലൂക്കിൽ സർക്കാർ/എയ്ഡഡ് മേഖലകളിൽ പോളിടെക്നിക്കുകളും ഫിഷറീസ് കോഴ്സ് അടക്കമുള്ള വി.എച്ച്.എസ്.സി. സ്ഥാപനങ്ങളും കോകൂർ പോളി ടെക്നിക്കും ആരംഭിക്കാൻ നടപടി സ്വീകരിക്കണം.

വിദ്യാഭ്യാസ വകുപ്പുമന്ത്രി ( ശ്രീ. പി.കെ. അബ്ദു റബ്ബ്): കോകൂർ നന്നമുക്ക് ടെക്നിക്കൽ ഹൈസ്ക്കൂൾ വളപ്പിൽ നിലവിലുള്ള ഭൗതിക സാഹചര്യങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ട് പോളിടെക്നിക്ക് തുടങ്ങാൻ കെട്ടിട നിർമ്മാണത്തിനായി രണ്ട് കോടി രൂപ നീക്കിവച്ചെങ്കിലും അതിനനു ബന്ധമായ തുക വകകൊള്ളിക്കുകയോ ഭരണാനുമതി നൽകുകയോ ചെയ്തിരുന്നില്ല. പോളിടെക്നിക്കുകൾ സ്ഥാപിക്കുന്നതിന് അദ്ധ്യാപക – അനദ്ധ്യാപക തസ്തികകൾ സൃഷ്ടിക്കേണ്ടതായിട്ടുണ്ട്. സാമ്പത്തിക ബാധ്യത സംബന്ധിച്ച തീരുമാനം എടുത്തതിനുശഷം എ.ഐ.സി.റ്റി.ഇ.യുടെ അംഗീകാരം ലഭ്യമാക്കുന്നതുൾപ്പെടെയുള്ള വസ്തുതകൾ പരിശോധിച്ച് അന്തിമമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

(8) സൗന്ദര്യവർദ്ധക വസ്തുക്കളുടെ നിയന്ത്രണം

ശ്രീ. എൻ.എ. നെല്ലിക്കുന്ന്: ആയൂർവ്വേദത്തിന്റെ മറവിൽ ആരോഗ്യ ത്തിന് ഹാനികരമായ രാസവസ്തുക്കളും കീടനാശിനികളും സമ്മിശ്രമായി ചേർത്ത് സൗന്ദര്യ വർദ്ധക ഉൽപന്നങ്ങൾ വിപണിയിൽ എത്തിക്കുന്ന സ്ഥാപനങ്ങളുടെ ലൈസൻസ് റദ്ദാക്കുന്നതിനും ഇതിന്റെ വിപത്തിൽ നിന്നും ജനങ്ങളെ രക്ഷിക്കാനായി ആരോഗ്യ വകുപ്പും മാധ്യമങ്ങളും സജീവമായി ഇടപെടുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ): സൗന്ദര്യ വർദ്ധക വസ്തുക്കൾ നിർമ്മിക്കുന്നതിനു മുമ്പ് അവയുടെ മാസ്റ്റർ ഫോർമുല റിക്കോർഡ്, മെത്തേഡ് ഓഫ് പ്രിപ്പറേഷൻ, പ്രോസസ്സ്, ചേരുവകൾ എന്നിവ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് അപ്രൂവിംഗ് അതോറിറ്റിക്ക് നൽകേണ്ടതുണ്ട്. ആയുർവ്വേദ സൗന്ദര്യ വർദ്ധക വസ്തുക്കൾക്ക് ഇവയുടെ വിവിധ വശങ്ങൾ ഒരു ടെക്നിക്കൽ എക്സ്പെർട്ട് കമ്മിറ്റി പരിശോധിച്ചതിനുശേഷം ആയുർവ്വേദ മരുന്നുകളായിട്ടാണ് ലൈസൻസ് നൽകപ്പെടുന്നത്. ഡ്രഗ്സ് കൺട്രോൾ വകുപ്പ് ഉദ്യോഗസ്ഥർ ഇവയുടെ റാൻഡം സാമ്പിൾ ശേഖരിച്ച് സർക്കാർ അംഗീകൃത ലബോറട്ടറികളിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പുവരുത്തുകയും ഗുണനിലവാരം ഇല്ലാത്തവ നിർമ്മിച്ച് വിൽപ്പന നടത്തിയ സ്ഥാപനങ്ങൾക്കെതിരെ കർശന നടപടികളെടുക്കുകയും ചെയ്യുന്നുണ്ട്. 2011-12 വർഷത്തിൽ 175-ഓളം കോസ്മെറ്റിക് ഉൽപ്പന്നങ്ങൾ പരിശോധിച്ചതിൽ ഒരു സാമ്പിൾ മാത്രമാണ് ഗുണനിലവാരം ഇല്ലാത്തതായി കണ്ടെത്തിയിട്ടുള്ളത്.

(9) കണ്ണൂർ ജില്ലാ ആശുപത്രിയുടെ ശോചനീയാവസ്ഥ

ശ്രീ. എ.പി. അബ്ദുള്ളക്കുട്ടി: കണ്ണൂർ ജില്ലാ ആശുപത്രിയിൽ ആധുനിക കെട്ടിട സമുച്ചയവും ആധുനിക സൗകര്യങ്ങളും ഉറപ്പുവരുത്തി സ്പെഷ്യാലിറ്റി ആശുപത്രിയാക്കി ഉയർത്തുന്നതിനായി ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനും ഡോക്ടർമാരുടെ ഒഴിവുകൾ നികത്തുന്നതിനുമാവശ്യമായ നടപടി സ്വീകരിക്കണം.

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി.എസ്. ശിവകുമാർ): കണ്ണൂർ ജില്ലാ ആശുപത്രിയുടെ വികസനവുമായി ബന്ധപ്പെട്ട മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി കേരള മെഡിക്കൽ

സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തി ഉത്തര വായിട്ടുണ്ട്. ഡ്യൂട്ടി സൂപ്രണ്ട് ഉൾപ്പെടെ 16 ഡോക്ടർമാരുടെ തസ്തികകളും ഒരു വർഷത്തിലധികമായി റേഡിയോളജിസ്റ്റിന്റെ തസ്തികയും ഒഴിഞ്ഞു കിടക്കുകയാണ്. മെഡിസിൻ, സർജറി, അനസ്തേ്യഷ്യ വിഭാഗങ്ങളിലെ ഒഴിവുകൾ പി.എസ്.സി.യിൽ നിന്നും ലിസ്റ്റ് ലഭ്യമാകുന്ന മുറയ്ക്കും കൺസൾട്ടന്റ്, സീനിയർ കൺസൾട്ടന്റ് തസ്തികകളിലെ ഒഴിവുകൾ ഡി.പി.സി.യുടെ ശുപാർശ ലഭിക്കുന്ന മുറയ്ക്കും നികത്തുവാനുള്ള നടപടികൾ എടുത്തുവരികയാണ്. കാഷ്വാലിറ്റി വിഭാഗത്തിൽ ഡോക്ടർമാരുടെ നാല് ഒഴിവുകളിൽ താൽക്കാലികാടിസ്ഥാനത്തിൽ രണ്ട് പേരെയും എൻ.ആർ.എച്ച്.എം. വഴി രണ്ട് പേരെയും നിയമിച്ചിട്ടുണ്ട്.

(10) <u>ചീമേനിയിൽ ഐ.ടി. പാർക്ക്</u>

<u>ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)</u>: തൃക്കരിപ്പൂരിൽ ചീമേനി വില്ലേജിൽ ഐ.ടി. പാർക്കിന്റെ പ്രവർത്തനമാരംഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി <u>(ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി)</u>: ചീമേനിയിൽ ഐ.ടി. പാർക്ക് തുടങ്ങുന്നതിന് നബാർഡിന്റെ അനുമതി ലഭിക്കുകയും പ്ലാൻ തയ്യാറാകുകയും ചെയ്തിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിന്നും ഐ.ടി. വകുപ്പിന് സ്ഥലം കൈമാറിക്കിട്ടുന്ന മുറയ്ക്ക് ഐ.ടി. പാർക്കിന്റെ പണി ആരംഭിക്കുന്നതാണ്.

<u>ചെയർമാൻമാരുടെ പാനൽ</u>

ശ്രീ. ഡൊമിനിക് പ്രസന്റേഷൻ, ഡോ. എൻ. ജയരാജ്, ശ്രീ. കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ) എന്നീ അംഗങ്ങളെ പതിമൂന്നാം കേരള നിയമ

സഭയുടെ അഞ്ചാം സമ്മേളനകാലത്തെ ചെയർമാൻമാരുടെ പാനലിലേക്ക് നാമനിർദ്ദേശം ചെയ്തു.

<u>മേശപ്പുറത്തുവച്ച കടലാസുകൾ</u>

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസുകളും ചട്ടം 47 (2) അനുസരിച്ചുള്ള കടലാസുകളും മേശപ്പുറത്തുവച്ചു.

<u>റിപ്പോർട്ട് സമർപ്പണം</u>

2012-13 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച I മുതൽ XIV വരെയുള്ള സബ്ജക്ട് കമ്മിറ്റികളുടെ രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കപ്പെട്ടു.

<u>നിയമനിർമ്മാണകാര്യം</u>

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സ്ബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) <u>2012-ലെ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് (ഭേദഗതി) ബിൽ</u>

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. കെ.എം. മാണി)</u>: 2012-ലെ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് (ഭേദഗതി) ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്തുവാനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്തുവയ്ക്കുന്നു.

<u>മി. സ്പീക്കർ</u> : ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി <u>(ശ്രീ. കെ.എം. മാണി)</u>: 2012-ലെ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവന

നിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വനവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. കെ. ബി. ഗണേഷ് കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): ഹൗസിംഗ് ബോർഡ് ഏറ്റെടുത്ത് നടപ്പിലാക്കുന്ന പാർപ്പിട വികസന പദ്ധതി സർക്കാരിന്റെ അംഗീകാരത്തിന് വിധേയമായി സംയുക്ത സംരംഭ പദ്ധതിയിലൂടെയോ പൊതു സ്വകാര്യ പങ്കാളിത്ത പദ്ധതിയിലൂടെയോ നടപ്പിലാക്കുന്നതിന് അധികാരം നൽകുന്ന ഓർഡിനൻസിന്റെ റീപ്ലേസിംഗ് ബില്ലാണിത്. 1971-ലെ ഹൗസിംഗ് ബോർഡ് ആക്റ്റിൽ ഇതിന് വ്യവസ്ഥയില്ല. ഹൗസിംഗ് ബോർഡിന്റെ ആഭിമുഖ്യത്തിൽ വികസന പ്രവർത്തനങ്ങളും വാണിജ്യ പ്രവർത്തനങ്ങളും നടത്താമെങ്കിലും അതിനാവശ്യമായ റിസോഴ്സ് ഇല്ലാത്തതിനാൽ പബ്ലിക്-പ്രൈവറ്റ് പാർട്ടിസിപ്പേഷനോടുകൂടി അനുയോജ്യമായ പദ്ധതികൾ നടപ്പിലാക്കുന്നതാണെന്ന് ബഡ്ജറ്റിലും പ്രതിപാദിച്ചിട്ടുണ്ട്. പേരന്റ് ആക്റ്റിൽ 36(എ) എന്ന് ഒരു വകുപ്പ് കൂട്ടിച്ചേർത്ത് എല്ലാം സുതാര്യമായി ചെയ്യുക എന്നുള്ളതാണ് ഉദ്ദേശിക്കുന്നത്.

(നിരാകരണപ്രമേയം അവതരിപ്പിക്കപ്പെട്ടില്ല.)

ശ്രീമതി ഇ.എസ്. ബിജിമോൾ: 2012-ലെ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-7-2012 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. സംസ്ഥാന സർക്കാരിന്റെ കണക്കുപ്രകാരം

സംസ്ഥാനത്തെ ഭവനരഹിതരായ പന്ത്രണ്ടര ലക്ഷത്തോളം പേരിൽ വാസയോഗ്യമല്ലാത്ത വീടുകളിൽ താമസിക്കുന്നവർ ഉൾപ്പെടുന്നില്ല. ഭവന നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റം, കൂലിവർദ്ധനവ് തുടങ്ങി നിർമ്മാണ മേഖല നേരിടുന്ന പ്രതിസന്ധി പരിഹരിക്കുന്നതിൽ ഇടപെടാൻ ഗവൺമെന്റിന് കഴിയണം. ഒരു കൊച്ചുവീടെന്ന സ്വപ്നം സാക്ഷാത്കരിക്കുന്നതിനായി ജന്മവും ജീവിതവും പണയപ്പെടുത്തി ശിഷ്ടകാലം ബാങ്കുകാരുടെ അടിമയെപ്പോലെ ജോലിചെയ്യേണ്ടിവരുന്ന ജനവിഭാഗത്തിന്റെ അവകാശങ്ങൾ സംരക്ഷിക്കുവാൻ ഈ ബില്ലിലൂടെ കഴിയണം. ദുർബലജനവിഭാഗങ്ങളുടെ പരിരക്ഷയ്ക്കായി പ്രഖ്യാപിച്ച ഹൗസിംഗ് റിസ്ക് ഫണ്ട് സ്കീം നടപ്പിലാക്കുന്നതിനും ഹൗസിംഗ് ഫിനാൻസ് ഡവലപ്മെന്റ് കോർപ്പറേഷന്റെ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനും നടപടിയുണ്ടാകണം. ന്യൂ ജനറേഷൻ ബാങ്കുകൾ നടത്തുന്ന കൊള്ളയും സ്വകാര്യ മുതലാളിമാരുടെ ഈ രംഗത്തേക്കുള്ള കടന്നുകയറ്റവും നിയന്ത്രിക്കണം. തോട്ടം തൊഴിലാളികളുടെ ലയങ്ങൾ പുനരുദ്ധരിക്കുന്നതുമായി ബന്ധപ്പെട്ട് നിർമ്മിതി കേന്ദ്രത്തിന്റെ പ്രവർത്തനം വിലയിരുത്താനും ഇത്തരം സ്ഥാപനങ്ങളുടെ നില മെച്ചപ്പെടുത്താനും നടപടി സ്വീകരിക്കണം. കലവറയുടെ പ്രവർത്തനം മെച്ചപ്പെടുത്തണം. നിർമ്മാണ പ്രവർത്തനവുമായി ബന്ധപ്പെട്ട മുഴുവൻ മേഖലകളും മാഫിയ സംഘങ്ങൾ കൈയടക്കിവച്ചിരിക്കുന്നു എന്നത് ഗൗരവരമായി കാണണം. പാർപ്പിട നിർമ്മാണ അവകാശനിയമം പ്രായോഗികതലത്തിൽ കൊണ്ടുവരണം. വിദേശ ഇന്ത്യാക്കാർക്കുവേണ്ടിയുള്ള ഭവന നിർമ്മാണ പദ്ധതി നടപ്പിലാക്കണം. നഗരങ്ങളിലെ കെട്ടിടസമുച്ചയങ്ങളുമായി ബന്ധപ്പെട്ട് ഉയർന്നുവരുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണണം. സ്വകാര്യ കെട്ടിട

നിർമ്മാണവുമായി ബന്ധപ്പെട്ട് ഹൗസിംഗ് ബോർഡിന് ലാഭേച്ഛ കൂടാതെ പ്രവർത്തിക്കാൻ കഴിയണം. സമ്പൂർണ്ണ പാർപ്പിട പദ്ധതി എന്ന ആശയം പ്രാവർത്തികമാക്കണം. 'സാഫല്യം' ഭവന പദ്ധതിയുടെ ഗുണഭോക്താക്കൾ അടയ്ക്കേണ്ട പലിശയുടെ തോത് കുറച്ചുകൊടുക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം. വർഷങ്ങളായി ടൈറ്റിലിനുവേണ്ടി ഹൗസിംഗ് ബോർഡിൽ കയറിയിറങ്ങുന്ന ആളുകൾക്ക് ടൈറ്റിൽ കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാനും കാര്യക്ഷമതയും അച്ചടക്കവുമുള്ള സംവിധാനമാക്കി ഈ സ്ഥാപനത്തെ മാറ്റാനും സാധിക്കണം.

ശ്രീ. ബെന്നി ബെഹനാൻ: 2012-ലെ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പാർപ്പിട പ്രശ്നത്തിന് പരിഹാരം കണ്ടെത്തുക എന്ന ലക്ഷ്യത്തോടുകൂടി രൂപംകൊടുത്ത ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനം അതിൽനിന്ന് മാറി മറ്റ് കൊമേഴ്സ്യൽ കോംപ്ലക്സ് പോലെയുള്ള രംഗത്ത് വിപുലപ്പെടുത്തുന്നത് ശരിയല്ല. ഒരു ഏരിയ ഡെവലപ് ചെയ്ത് അവിടെ വിവിധ കാറ്റഗറിയിലുള്ള വീടുകൾ നിർമ്മിച്ച് അവ ക്രോസ് സബ്സിഡിയിൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കണം. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പാർപ്പിട രംഗത്ത് ഐ.എ.വൈ.യിൽ കേന്ദ്ര സർക്കാരിൽനിന്നും ലഭിച്ച സഹായങ്ങൾ സംസ്ഥാനത്ത് വേണ്ടത്ര രീതിയിൽ പ്രയോജനപ്പെടുത്തിയിട്ടില്ല. ശോചനീയാവസ്ഥയിലായ എം.എൻ.ലക്ഷംവീട് പദ്ധതി റിനോവേറ്റ് ചെയ്യുന്നതിനുപകരം പ്രീ-ഫാബ്രിക്കേറ്റഡ് പദ്ധതികളാക്കി മാറ്റാൻ സാധിക്കണം. പന്ത്രണ്ടാം പഞ്ചവത്സര പദ്ധതിയിൽ 12 ലക്ഷം വീടുകൾ നിർമ്മിക്കുക എന്ന

ലക്ഷ്യം നിറവേറ്റുന്നതിന് ഹൗസിംഗ് ബോർഡ് മുൻഗണന നൽകണം. ഹൗസിംഗ് ബോർഡ് നിർമ്മിച്ച് നൽകുന്ന ഹൗസിംഗ് കോളനികളിൽ അടിസ്ഥാന സൗകര്യങ്ങൾ ഉറപ്പു വരുത്തണം. നിർമ്മാണ മേഖലയിൽ മാഫിയ ഇടപെടൽ ഒഴിവാക്കണം. റവന്യൂ ടവർ നിർമ്മാണം പൂർത്തിയാക്കാൻ കഴിയാത്ത ഹൗസിംഗ് ബോർഡിന്റെ നടപടി ഖേദകരമാണ്.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി) : ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനം മന്ദഗതിയിലാണെന്ന വിമർശനമാണ് ഉയർന്നുവന്നിട്ടുള്ളത്. ഹൗസിംഗ് ബോർഡിന് നൽകേണ്ട വായ്പ ഹഡ്കോ നിർത്തിവച്ചതുമൂലം ഹൗസിംഗ് ബോർഡിന്റെ പ്രവർത്തനം സ്തംഭനാവസ്ഥയിലിരുന്ന സാഹചര്യത്തിലാണ് ഈ സർക്കാർ അധികാരത്തിൽ വരുന്നത്. കൊടുക്കാനുള്ള 700 കോടി രൂപയിൽ 400 കോടി രൂപ ഹഡ്ക്കോയ്ക്ക് തിരിച്ചടയ്ക്കാൻ ഈ സർക്കാരിന് കഴിഞ്ഞു. പാർപ്പിടമില്ലാത്ത 12 ലക്ഷം പേർക്ക് രണ്ടര ലക്ഷം രൂപ ചെലവ് വരുന്ന വീടുകൾ വച്ചുകൊടുക്കുന്ന 'സാഫല്യ' പദ്ധതിക്ക് ഈ സർക്കാർ തുടക്കം കുറിച്ചിരിക്കുകയാണ്. പണമില്ലാത്ത അവസ്ഥയിൽ നിന്ന് കരകയറാൻ വേണ്ടിയാണ് ഹൗസിംഗ് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷന് രൂപം നൽകിയത്. 'റൈറ്റ് ടു ഷെൽട്ടർ ആക്ട്' കൊണ്ടുവരാൻ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തുന്നതാണ്. 5.1.2010-ലെ നോട്ടിഫിക്കേഷൻ ഓർഡിനൻസ് നമ്പർ-2 ആയി അന്നത്തെ സർക്കാർ ഇറക്കിയ ബില്ലുതന്നെയാണ് ഈ സർക്കാരും കൊണ്ടുവന്നിട്ടുള്ളത്. പാവപ്പെട്ടവർക്ക് വീട്‌വച്ച് നൽകുക എന്ന ഹൗസിംഗ് ബോർഡിന്റെ ലക്ഷ്യം സഫലീകരിക്കുന്നതിന് സ്കീം കൊണ്ടുവരാനും ഹഡ്കോയിൽ നിന്ന് വായ്പ ലഭ്യമാക്കാനുമുള്ള

ശ്രമമാണ് ഗവൺമെന്റ് സ്വീകരിക്കുന്നത്. മൈത്രീ ഭവന നിർമ്മാണ പദ്ധതിക്കുവേണ്ടി എടുത്ത വായ്പാ കുടിശ്ശിക 134 കോടി രൂപ എഴുതിത്തള്ളിക്കൊണ്ട് 38,000 പേർക്ക് ആധാരം തിരികെ നൽകാൻ നടപടി സ്വീകരിച്ച ഗവൺമെന്റാണിത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്നഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭ നിരാകരിച്ചു.

2012-ലെ കേരള സംസ്ഥാന ഭവനനിർമ്മാണ ബോർഡ് (ഭേദഗതി) ബിൽ തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും ഭവനനിർമ്മാണവും സംബന്ധിച്ച IX-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയച്ചു.

(2) 2012-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2012-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുള്ള സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): 2012-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): പ്രമേയത്തെ പിൻതാങ്ങുന്നു.

ക്രമപ്രശ്നം

ബില്ലിലെ ധനകാര്യ മെമ്മോറാണ്ടത്തിലെ അവ്യക്തത

ശ്രീ. എ. കെ. ബാലൻ: ഈ ബിൽ നിയമമായി പ്രാബല്യത്തിൽ വന്നാൽ സംസ്ഥാന സഞ്ചിത നിധിയിൽ നിന്ന് യാതൊരു ചെലവും ഉണ്ടാകു കയില്ല എന്നുള്ള ധനകാര്യ മെമ്മോറാണ്ടത്തിലെ വസ്തുതകൾ യാഥാർത്ഥ്യത്തിനുവിരുദ്ധമായതുകൊണ്ട് പുതിയ ഫിനാൻഷ്യൽ മെമ്മോറാണ്ടം അവതരിപ്പിക്കണം. ഗവൺമെന്റ് ചീഫ് വിപ്പിന്റെ എം.എൽ.എ. സ്ഥാനം സംരക്ഷിക്കാൻ വേണ്ടിയാണ് ഈ ബിൽ കൊണ്ടു വന്നിട്ടുള്ളത്. മന്ത്രിയുടെ ശുപാർശ പ്രകാരം സഭാംഗത്തെ ഗവൺമെന്റ് ചീഫ് വിപ്പായി നിയമിക്കുന്നതിന് പൊതുഭരണ സെക്രട്ടറിയാണ് 24-06-2011-ൽ നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചത്. മന്ത്രിമാർക്കുള്ളതു പോലുള്ള സൗകര്യങ്ങളെല്ലാം ചീഫ് വിപ്പിനുണ്ട്. ഇരട്ടപ്പദവി ഉപയോഗിക്കുന്നത് ഒഴിവാക്കുന്നതിനുവേണ്ടിയാണ് ഓർഡിനൻസ് കൊണ്ടു വന്നിട്ടുള്ളത് എന്നാണ് പറയുന്നത്. എന്നാൽ ഗവൺമെന്റ് നൽകുന്ന എല്ലാ ആനുകൂല്യങ്ങളും കൺസോളിഡേറ്റഡ് ഫണ്ടിൽ നിന്നാണ് ഡ്രോ ചെയ്യുന്നത്. അതിനാൽ ബിൽ അവതരിപ്പിക്കുന്നതിനുമുൻപ് റെക്കറിംഗ് ആന്റ് നോൺ റെക്കറിംഗ് എക്സ്പെൻഡീച്ചർ തരംതിരിച്ച് ഇവിടെ അവത രിപ്പിക്കണം. പുതിയ ഫിനാൻഷ്യൽ മെമ്മോറാണ്ടം ബില്ലിന്റെ ഭാഗമായി വരണം

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ചീഫ് വിപ്പിന് മന്ത്രിക്ക് തുല്യമായ പദവിയും ആനുകൂല്യങ്ങളും നിശ്ചയിച്ചിട്ടുള്ളത് പേമെന്റ് ഓഫ് സാലറീസ്

ആന്റ് അലവൻസസ് ആക്ട് പ്രകാരമാണ്. ഇപ്പോൾ ഈ ഭേദഗതി വരാൻ കാരണം ശ്രീ. പി. സി. ജോർജിന് ഇരട്ടപ്പദവി ഉണ്ടെന്നാരോപിച്ചുകൊണ്ട് ഭരണഘടനയുടെ 191 അനുച്ഛേദമനുസരിച്ച് ശ്രീ. സെബാസ്റ്റ്യൻ പോളും ശ്രീ. വി.എസ്. അച്ചുതാനന്ദനെതിരായി രണ്ട് അഭിഭാഷകരും ഗവർണ്ണർക്ക് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിലാണ്. പേമെന്റ് ഓഫ് സാലറീസ് ആക്ട് വന്നപ്പോൾ നിയമസഭാംഗമായിരിക്കുമ്പോൾ മറ്റ് യാതൊരു ആനുകൂല്യ ങ്ങളും പറ്റാൻ പാടില്ലെന്ന വ്യവസ്ഥയിൽ നിന്ന് ഒഴിവാക്കിയകൂട്ടത്തിൽ ചീഫ് വിപ്പും പ്രതിപക്ഷ നേതാവും ഉൾപ്പെട്ടിട്ടില്ല. ലാ ഡിപ്പാർട്ടുമെന്റ് രണ്ടുപേർക്കും അയോഗ്യതയില്ലെന്നുള്ള റിപ്പോർട്ട് കൊടുത്തു. ഗവർണ്ണർക്ക് ഇലക്ഷൻ കമ്മീഷനോട് റെഫർ ചെയ്യേണ്ടിവന്ന സാഹചര്യ ത്തിലാണ് ഓർഡിനൻസ് കൊണ്ടുവന്നത്. ഓർഡിൻസ് കൊണ്ടുവന്ന സാഹ ചര്യത്തിൽ പരാതി നിലനിൽക്കുന്നില്ലെന്നുള്ള നിലപാടെടുത്തിട്ടുണ്ട്.

റൂളിംഗ്

മി. സ്പീക്കർ: 1951-ലെ ശമ്പളവും ബത്തകളും നൽകൽ നിയമപ്രകാ രമാണ് മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ, പ്രതിപക്ഷ നേതാവ് ചീഫ് വിപ്പ്, നിയമസഭാംഗങ്ങൾ എന്നിവർക്ക് ശമ്പളവും ബത്തകളും നൽകുന്നത്. തൽസമയം പ്രാബല്യത്തിലുള്ള നിയമപ്രകാരം അവകാശ പ്പെട്ട ശമ്പളവും ബത്തകളും കൈപ്പറ്റുന്നു എന്ന കാരണം കൊണ്ട് ഒരാൾ കേരള നിയമസഭയിലെ അംഗമായി തെരഞ്ഞെടുക്കപ്പെടുവാനും അംഗമായി രിക്കുവാനും അയോഗ്യനാകുന്നതല്ല എന്ന് 1951-ലെ നിയമസഭ (അയോഗ്യത കൾ നീക്കം ചെയ്യൽ) ആക്ടിലെ 2-ാം വകുപ്പ് 1-ാം ഉപവകുപ്പിലെ 1-ാം ഖണ്ഡം വ്യവസ്ഥ ചെയ്യുന്നു. മേൽ സൂചിപ്പിച്ച ചില ഉദ്യോഗങ്ങളെ ആ

ആക്ടിൽ പ്രത്യേകമായി പരാമർശിച്ചിട്ടില്ലാത്തതിന്റെ പേരിൽ ചീഫ് വിപ്പി ന്റേയും പ്രതിപക്ഷ നേതാവിന്റേയും സ്ഥാനം വഹിക്കുന്നവർ നിയമസഭ യിൽ ഒരംഗം ആയിരിക്കുന്നതിന് അയോഗ്യരാണെന്ന് ചില കോണുകളിൽ നിന്ന് സംശയം പ്രകടിപ്പിച്ചത് ദൂരീകരിക്കുന്നതിനും നിലപാട് വ്യക്തമാക്കു ന്നതിനുമാണ് 1961-ലെ നിയമസഭാ (അയോഗ്യത നീക്കം ചെയ്യൽ) ആക്ട് ഭേദഗതി ചെയ്യുന്നതിന് 23-ാം നമ്പർ ഓർഡിനൻസ് പുറപ്പെടുവിച്ചത്. പ്രസ്തുത ആക്ട് കൊണ്ടുവരുന്നതിനായാണ് ഈ ബിൽ അവതരി പ്പിക്കുന്നത്. ഈ ബിൽ പ്രകാരം അയോഗ്യതകൾ നീക്കം ചെയ്യുന്ന പദവി കൾ വഹിക്കുന്നവർ 1961-ലെ നിയമപ്രകാരം ശമ്പളവും ബത്തകളും കൈപ്പ റ്റുന്നവരാണ്. അതുകൊണ്ട് ബിൽ പ്രാബല്യത്തിൽ കൊണ്ടുവരുന്നതു കൊണ്ട് സംസ്ഥാന സഞ്ചിത നിധിയിൽ നിന്ന് യാതൊരു ചെലവും ഉണ്ടാകി ല്ലെന്ന് ധനകാര്യ മെമ്മോറാണ്ടത്തിൽ പറഞ്ഞിട്ടുള്ളത് വസ്തുതാപരമാണ്. പണച്ചെലവ് അന്തർഭവിക്കുന്ന ബില്ലിനോടുകൂടിയാണ് ആവർത്തനവും അനാവർത്തകവുമായ മതിപ്പ് ചെലവും കാണിക്കേണ്ടത് എന്നാണ് നിയമ സഭാ ചട്ടം 73-ൽ പറഞ്ഞിരിക്കുന്നത്. നിയമസഭാംഗങ്ങളുടെ അയോഗ്യത കൾ നീക്കം ചെയ്യൽ ബിൽ നടപ്പിലാകുമ്പോൾ അധിക പണച്ചെലവുണ്ടാകി ല്ലെന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ വിശദീകരണത്തിന്റെ വെളിച്ചത്തിൽ ശ്രീ. എ.കെ. ബാലന്റെ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി): ഇങ്ങനെ ഒരു ഓർഡിനൻസ് കൊണ്ടുവരാനും ബിൽ അവതരിപ്പിക്കാനും ഉണ്ടായ സാഹചര്യം വ്യക്തമാക്കിക്കഴിഞ്ഞു. ബിൽ സബ്ജക്ട് കമ്മിറ്റിക്ക് വിടണമെന്ന പ്രമേയം പാസാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. കെ. രാജു: I move that- “This House resolves to disapprove The Legislative Assembly (Removal of Disqualifications) Amendment Ordinance, 2012 (ordinance No.23 of 2012). ഗവർണ്ണറുടെ മുൻപിൽ കൊടുത്ത പരാതിയിൽ നിന്ന് രക്ഷപ്പെടുന്നതിനാണ് ഓർഡിൻസ് പുറപ്പെടുവിക്കുകയും ഇപ്പോൾ നിയമമാക്കുന്നതിനുംവേണ്ടി സഭ മുൻപാകെ കൊണ്ടുവന്നിട്ടുള്ളത്. ചീഫ് വിപ്പ് സ്ഥാനം ദുരുപയോഗം ചെയ്യുന്ന ഒരാളിനുവേണ്ടി നിയമനിർമ്മാണം നടത്തേണ്ട ആവശ്യമുണ്ടെന്ന് തോന്നുന്നില്ല. ഗവൺമെന്റ് താത്പര്യങ്ങൾ സംരക്ഷിക്കേണ്ട ചീഫ് വിപ്പ്, നിയമസഭയുടെ പ്രവർത്തനങ്ങൾ കാര്യക്ഷമമായി മുന്നോട്ടുകൊണ്ടുപോകുന്നതിന് ഉതകാത്ത വിധത്തിൽ പ്രവർത്തിക്കുന്നതിന് ഇത്തരത്തിൽ ആനുകൂല്യങ്ങൾ കൊടുക്കേണ്ട ആവശ്യമുണ്ടോയെന്ന കാര്യത്തിൽ സംശയമുണ്ട്.

ശ്രീ. എസ്. രാജേന്ദ്രൻ : നിരാകരണ പ്രമേയത്തെ അനുകൂലിക്കുന്നു. ജനങ്ങളുടെ ജീവിതവുമായി ബന്ധമുള്ള പുതിയ നിയമനിർമ്മാണത്തിന് സമയം കണ്ടെത്താതെ സ്വാർത്ഥ താൽപ്പര്യങ്ങൾക്കുവേണ്ടി ഇത്തരത്തിലൊരു ഭേദഗതി ബില്ലിന്റെ ആവശ്യമുണ്ടോ എന്ന് പരിശോധിക്കണം.. ആന്ധ്ര, കർണ്ണാടക, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിലൊഴികെ ഒരിടത്തും ഇത്തരത്തിലൊരു നിയമനിർമ്മാണം നടത്തിയിട്ടില്ല എന്നതും വസ്തുതയാണ്. 1951-ലും 1956-ലും ഒഴികെ ഒരു സന്ദർഭത്തിലും ഭേദഗതികൾ കൊണ്ടുവരാൻ കഴിയാത്ത ഒരു നിയമത്തിൻമേൽ ഗവൺമെന്റിന് ഭൂരിപക്ഷം നഷ്ടപ്പെടുമെന്ന അവസ്ഥ സംജാതമായപ്പോൾ ജനാധിപത്യ വ്യവസ്ഥിതിയിൽ നിന്നും വ്യതിചലിച്ച് ഒരു നിയമനിർമ്മാണം നടത്തുന്നത് തീർത്തും അപകടകരമായ കാര്യമാണ്.

ശ്രീ. രമേശ് ചെന്നിത്തലയ്ക്കുവേണ്ടി (ശ്രീ. ജോസഫ് വാഴക്കൻ) : 2012-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-06-2012-വരെ സർക്കുലേറ്റ് ചെയ്യണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. 1951-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ആക്ടിൽ ചീഫ് വിപ്പ്, പ്രതിപക്ഷനേതാവ് തുടങ്ങിയവരുടെ പേരുകൾ എടുത്തുപറഞ്ഞിട്ടില്ലാത്തതുകൊണ്ടാണ് ഈ ബിൽ കൊണ്ടുവന്നിരിക്കുന്നത്. ഇത് മുൻകാല പ്രാബല്യത്തോടെ പാസ്സാക്കാൻ തീരുമാനിച്ചിരിക്കുന്നത് നല്ലതാണ്. അല്ലെങ്കിൽ മുൻകാലങ്ങളിൽ ഓഫീസ് ഓഫ് പ്രോഫിറ്റിന്റെ പരിധിയിൽപ്പെട്ടവർ വാങ്ങിയ തുകയുൾപ്പെടെയുള്ള ആനുകൂല്യങ്ങൾ തിരിച്ചടയ്ക്കേണ്ടിവരും. ഉദ്ദേശ്യ കാരണ വിവരണങ്ങളിൽ ക്ലാരിറ്റിയുണ്ടാക്കി പ്രതിപക്ഷനേതാവിന്റേയും ചീഫ് വിപ്പിന്റെയും പേര് എടുത്തുപറഞ്ഞ് അവരെക്കൂടി ഓഫീസ് ഓഫ് പ്രോഫിറ്റിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കുന്നതായി കൃത്യമായി രേഖപ്പെടുത്തേണ്ടതാണ്. ഏതെങ്കിലും നിയമസഭാംഗത്തിന് അവരുടേതല്ലാത്ത കുറ്റം കൊണ്ട് അവരുടെ സ്ഥാനത്തിന് ദോഷമുണ്ടാകുമെന്ന് കണ്ടാൽ അത് പരിഹരിച്ചുകൊടുക്കാൻ ഈ സഭയ്ക്ക് അധികാരമുണ്ടാകണം.

ശ്രീ. സാജു പോൾ: 2012-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. ഈ സർക്കാരിനെ നിലനിർത്തുന്നതിന് രണ്ട് പേർക്ക് പ്രത്യേക പദവികൾ നൽകി രണ്ട് അംഗങ്ങളുടെ ഭൂരിപക്ഷം ഉറപ്പിക്കാനായി നടത്തുന്ന ഒരു ശ്രമമാണ് ഇവിടെ നടത്തിയിരിക്കുന്നത്. ഡോ. സെബാസ്റ്റ്യൻ പോൾ കൊടുത്ത പരാതിയുടെ അടിസ്ഥാനത്തിൽ ഇത് തെരഞ്ഞെടുപ്പ് കമ്മീഷന്റെ പരിഗണനയിൽ

വന്നപ്പോൾ ചീഫ് വിപ്പ് പദവി രക്ഷപ്പെടുത്താനാണ് ഈ നിയമം കൊണ്ടു വന്നിരിക്കുന്നത്. ഒരു തരത്തിലുള്ള പ്രീണനമോ പ്രലോഭനമോ ഈ സർക്കാരിനോ നിയമസഭയ്ക്കോ ഉണ്ടാകരുതെന്നുള്ളതാണ് ഓഫീസ് ഓഫ് പ്രോഫിറ്റ് എന്ന സംവിധാനം കൊണ്ടുദ്ദേശിക്കുന്നത്. ഇത്തരത്തിലൊരു നിയമം ഇവിടെ കൊണ്ടുവന്ന് ചീഫ് വിപ്പിനെ സംരക്ഷിക്കാൻ വേണ്ടിയുള്ള ശ്രമമാണ് സർക്കാർ നടത്തുന്നത്. ഇത് കേരളത്തിലെ ജനങ്ങൾ തിരിച്ച റിയും.

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : ഈ നിയമം കൊണ്ടുവരാനിടയായ സാഹചര്യം ആദ്യം പറയുകയുണ്ടായി. ഇത് ഒരു വ്യക്തിക്ക് വേണ്ടിയുള്ളത ല്ല, ഈ നിയമസഭ പാസ്സാക്കിയ ഒരു നിയമത്തിന്റെ അടിസ്ഥാനത്തിൽ ശമ്പളവും അലവൻസും വാങ്ങുന്ന രണ്ടുപേർക്ക് അയോഗ്യത വരുക എന്നത് ഒഴിവാക്കാൻ വേണ്ടിയാണ് ഈ നിയമനിർമ്മാണം നടത്തുന്നത്. എം.എൽ.എ.-മാർ, മന്ത്രിമാർ, സ്പീക്കർ, ഡെപ്യൂട്ടി സ്പീക്കർ എന്നിവരെ ആദായകരമായ ഉദ്യോഗത്തിൻകീഴിലെ അയോഗ്യതയിൽനിന്നും ഒഴിവാക്കിയെങ്കിലും പ്രതിപക്ഷ നേതാവിന്റെയും ചീഫ് വിപ്പിന്റെയും സ്ഥാനപ്പേരുകൾ അവിടെ പറയുന്നില്ല. പറഞ്ഞില്ലെങ്കിലും അവർ ഒഴിവാണ് എന്നുതന്നെയാണ് ഗവൺമെന്റിന് ലഭിച്ച നിയമോപദേശം. പക്ഷേ ഇല ക്ഷൻ കമ്മീഷനിലേക്ക് പോയപ്പോൾ മറ്റ് ചില അഭിപ്രായങ്ങൾ ഉണ്ടായ സാഹചര്യത്തിലാണ് ഈ ഓർഡിനൻസ് കൊണ്ടുവന്നത്. ഒരു നിയമ ത്തിന്റെ അടിസ്ഥാനത്തിൽ എല്ലാ ആനുകൂല്യങ്ങളും പറ്റുകയും അതേ നിയ മത്തിന്റെ ആനുകൂല്യം പറ്റുന്ന മറ്റൊരാളെ അയോഗ്യനാക്കുകയും ചെയ്യുന്ന ഒരു സാഹചര്യം വിദൂര സാധ്യതയാണുള്ളതെങ്കിൽപ്പോലും ഉണ്ടാകുന്നത് ഭംഗിയാണോയെന്ന് പ്രതിപക്ഷം ആലോചിക്കണം. അവരെ പ്രൊട്ടക്റ്റ്

ചെയ്യേണ്ട നിയമപരമായ ബാധ്യത നിറവേറ്റുന്നതിനുവേണ്ടി മാത്രമാണ് ഈ ബിൽ കൊണ്ടുവന്നത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

ഭേദഗതികൾ സഭയുടെ അനുമതിയോടെ പിൻവലിക്കപ്പെട്ടു.

2012-ലെ നിയമസഭ (അയോഗ്യതകൾ നീക്കം ചെയ്യൽ) ഭേദഗതി ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയച്ചു.

അറിയിപ്പ്

മി. സ്പീക്കർ : ഇന്ന് കൂടിയ കാര്യോപദേശക സമിതി യോഗത്തിൽ അഭിപ്രായ സമന്വയമുണ്ടായതിന്റെ അടിസ്ഥാനത്തിൽ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള 2011-ലെ കേരള തദ്ദേശ ഭരണ സ്ഥാപന വായ്പ (ഭേദഗതി) ബിൽകൂടി 2012 ജൂൺ 13-ാം തീയതി സഭ പരിഗണനയ്ക്ക് എടുക്കുന്നതാണ്. പ്രസ്തുത പ്രമേയത്തിനുള്ള ഭേദഗതി നോട്ടീസ് നാളെ (12.06.2012) രാവിലെ 11.00 മണി വരെയും ബില്ലിനുള്ള വകുപ്പുതിരിച്ചുള്ള ഭേദഗതി നാളെ വൈകുന്നേരം 3.00 മണി വരെയും നൽകാവുന്നതാണ്.

ഇന്ന് രാവിലെ എം.എൽ.എ.-മാരുടെ നിയോജകമണ്ഡലങ്ങളിലെ യോഗങ്ങൾ, പ്രോട്ടോക്കോളുമായി ബന്ധപ്പെട്ട കാര്യങ്ങൾ എന്നിവ സഭയിൽ വരികയും മുഖ്യമന്ത്രി അതിന് മറുപടി പറയുകയുമുണ്ടായി. ഇതുമായി ബന്ധപ്പെട്ട ജനറൽ അഡ്മിനിസ്ട്രേഷൻ (പൊളിറ്റിക്കൽ) ഡിപ്പാർട്ടുമെന്റിന്റെ ഓർഡർ ഇതിനകം ഇറങ്ങിക്കഴിഞ്ഞു. നാളത്തെ കവറിൽ അതിന്റെ കോപ്പികൂടി അംഗങ്ങൾക്ക് ലഭിക്കുന്നതാണ്.

സഭ ഉച്ചയ്ക്കുശേഷം 1.55-ന് പിരിഞ്ഞു.